ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 01.09.2024 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ നീതിന്യായ സംവിധാനം നേരിടുന്ന സുപ്രധാന വെല്ലുവിളിയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. സുപ്രീം കോടതിയുടെ അധികാര മുദ്രയും പതാകയും രാഷ്ട്രപതി അനാവരണം ചെയ്തു.

   **President Droupadi Murmu says that reducing the pendency of cases is a big challenge facing the judiciary. The President unveiled the new flag and insignia of the Supreme Court in New Delhi today.**

2. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്ക് പ്രത്യേക ശിക്ഷാ സംവിധാനം ഏർപ്പെടുത്തണമെന്ന് ഉപരാഷ്ട്രപതി ജഗ് ദീപ് ധൻഖർ.

   **The Vice President Jagdeep Dhankhar wants a special punishment system for atrocities against women**

3. ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളെ സാമൂഹിക സുരക്ഷാ പദ്ധതികൾക്ക് കീഴിൽ കൊണ്ടുവരാനുള്ള സാധ്യതകൾ പരിശോധിച്ച് വരികയാണെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ.

   **Union MinisterDr Mansukh Mandaviya says that the Government is actively exploring various avenues to ensure gig and platform workers are covered under social security**

4. കൊച്ചി വിമാനത്താവളത്തിൽ 550 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ മൂന്നു

വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Chief Minister Pinarayi Vijayan says that the development works at the Kochi Airport at a cost of Rs 550 crore will be completed within three years.**

5. പ്രഥമ കേരള ക്രിക്കറ്റ് ലീഗിന് നാളെ തിരുവനന്തപുരത്ത് തുടക്കം.

**First Kerala Cricket League to start tomorrow in Thiruvananthapuram.**

**&&&&&&&&&&&&&&&**

## HEADLINE 1

## PRESIDENT NEWDELHI

കെട്ടിക്കിടക്കുന്ന കേസുകളുടെ തീർപ്പാക്കൽ നീതിന്യായ സംവിധാനം നേരിടുന്ന സുപ്രധാന വെല്ലുവിളിയാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. കേസുകളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് അതത് അധികാര സ്ഥാപനങ്ങൾ യോജിച്ചു പ്രവർത്തിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ജില്ലാ ജുഡീഷ്യറിയുടെ ദ്വിദിന ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ.

(ഹോൾഡ് വോയിസ്)

സുപ്രീംകോടതി പ്രവർത്തനങ്ങൾ നീതിന്യായ വ്യവസ്ഥയിലുള്ള ജനങ്ങളുടെ വിശ്വാസം വർദ്ധിപ്പിച്ചതായും രാഷ്ട്രപതി പറഞ്ഞു. ചടങ്ങിൽ സുപ്രീം കോടതിയുടെ അധികാര മുദ്രയും പതാകയും രാഷ്ട്രപതി അനാവരണം ചെയ്തു.

**&&&&&&&&&&&&&&&**

## SC ARJUN RAM

സുപ്രീം കോടതി 75 വർഷങ്ങൾ പൂർത്തിയാക്കിയതിൽ അഭിമാനിക്കുന്നതായി നിയമ-നീതി മന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പൗരന്മാർക്ക് നീതിന്യായ വ്യവസ്ഥയുടെ ഒരു നല്ല അന്തരീക്ഷം ലഭ്യമാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിന് ഒരു സമിതിയുടെ നേതൃത്വത്തിൽ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്ത ചീഫ് ജസ്റ്റിസ് , ഡി വൈ ചന്ദ്രചൂഡ് പറഞ്ഞു. സുപ്രീം കോടതിയുടെ അടുത്തിടെ സമാപിച്ച പ്രഥമ ദേശീയ ലോക് അദാലത്തിൽ അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ ഏകദേശം 1,000 കേസുകൾ രമ്യമായി തീർപ്പാക്കിയതായും ചീഫ് ജസ്റ്റിസ് വ്യക്തമാക്കി.

&&&&&&&&&&&&&&&

## HEADLINE 2

## REV VP-DEHRADUN VISIT

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്ക് പ്രത്യേക ശിക്ഷാ സംവിധാനം ഉണ്ടാക്കണമെന്ന് ഉപരാഷ്ട്രപതി ജഗ് ദീപ് ധൻഖർ. കൊൽക്കത്തയിൽ വനിതാ ഡോക്ടർ കൊല്ലപ്പെട്ട സംഭവത്തെ ഉപരാഷ്ട്രപതി അപലപിച്ചു. ഇത്തരം ഹീനമായ കുറ്റകൃത്യങ്ങളിലൂടെ മനുഷ്യരാശിയെ അപമാനിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കണമെന്ന് ധൻഖർ ആവശ്യപ്പെട്ടു. ഉത്തരാഖണ്ഡിൽ എയിംസ് ഋഷികേശ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികളെയും അധ്യാപകരേയും അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ ധൻഖർ.

&&&&&&&&&&&&&&&

## KARNATAKA-VANDE BHARAT

വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ അടുത്ത ഏതാനും ദിവസങ്ങൾക്കുള്ളിൽ പരീക്ഷണ ഓട്ടം നടത്തുമെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. മൂന്ന് മാസത്തിനുള്ളിൽ യാത്രക്കാർക്ക് ഇതിൻ്റെ പ്രയോജനം ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. ബെംഗളൂരുവിലെ ബി.ഇ.എം. എല്ലിൽ സ്ലീപ്പർ കോച്ച് ഉൾപ്പെടുത്തി പുതുതായി നിർമ്മിച്ച വന്ദേ ഭാരത് ട്രെയിൻ സന്ദർശിക്കുകയായിരുന്നു അദ്ദേഹം. വന്ദേ ഭാരത് മെട്രോയും പരീക്ഷണ ഘട്ടത്തിലാണെന്ന് മന്ത്രി അറിയിച്ചു. തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ച വന്ദേ ഭാരതിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ 16 കോച്ചുകളും 823 ബെർത്തുകളുമുണ്ടാകും.

**&&&&&&&&&&&&&&&**

## HEADLINE 3

## MANDAVIYA-MEETING

ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളെ സാമൂഹിക സുരക്ഷാ പദ്ധതികൾക്ക് കീഴിൽ കൊണ്ടുവരാനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ച് വരികയാണെന്ന് കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ. ഒരേ സമയം ഒന്നിലധികം പേർക്കുവേണ്ടിയോ, ഹ്രസ്വകാലത്തേയ്ക്കോ, പദ്ധതി അധിഷ്ഠിത ജോലികളിലോ, ഏർപ്പെടുന്നവരാണ് ഗിഗ് തൊഴിലാളികൾ. ഓൺലൈൻ ഭക്ഷണ വിതരണ ശൃംഖലയിൽ ജോലിചെയ്യുന്നവരും ഇതിലുൾപ്പെടും. സാമൂഹ്യ സുരക്ഷാ നടപടികൾ സുഗമമാക്കുന്നതിന്, ഇവരുടെ രജിസ്ട്രേഷൻ ഇ-ശ്രം പോർട്ടലിൽ ചേർക്കും. ഗിഗ്, പ്ലാറ്റ്ഫോം തൊഴിലാളികളെ നിയമിക്കുന്ന കമ്പനികളോട് അവരുടെ തൊഴിലാളികളെ

പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നത് ഉറപ്പാക്കാൻ ആവശ്യപ്പെടുമെന്നും ശ്രീ മാണ്ഡവ്യ വ്യക്തമാക്കി.

**&&&&&&&&&&&&&&&**

## NADDA

ബിജെപി ദേശീയ അദ്ധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ. പി. നദ്ദ പാലക്കാട്ടെ വ്യവസായികളും, പൗരപ്രമുഖരുമായി സംവദിച്ചു. പാലക്കാടിന്റെ വിവിധ വികസന പരിപാടികൾ സംബന്ധിച്ച് പ്രതിനിധികളുമായി കേന്ദ്രമന്ത്രി ചർച്ച ചെയ്തു. നരേന്ദ്രമോദി അധികാരത്തിൽ വന്നതിനുശേഷം രാജ്യത്തെ രാഷ്ട്രീയം വികസന അജണ്ടയിലേക്ക് മാറിയെന്ന് നദ്ദ പറഞ്ഞു. മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ, ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

**&&&&&&&&&&&&&&&**

## IPPB-FOUNDATION DAY

ലളിതവും ചുരുങ്ങിയ ചെലവിലുമുള്ള സേവനങ്ങളിലൂടെ സാമ്പത്തിക ഉൾപ്പെടുത്തൽ എന്ന ലക്ഷ്യം നിറവേറ്റുന്നതിൽ ഇന്ത്യ പോസ്റ്റ് പേയ്മെൻ്റ് ബാങ്കിൻ്റെ പങ്ക് വളരെ വലുതാണെന്ന് കേന്ദ്ര മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ബാങ്ക് ആരംഭിച്ചത് മുതൽ ഏകദേശം 9.88 കോടി അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്. വിവിധ പദ്ധതികളുടെ 45,000 കോടി രൂപയുടെ സാമ്പത്തിക നേട്ടം ഗുണഭോക്താക്കൾക്ക് അക്കൗണ്ട് വഴി ലഭ്യമാക്കിയിട്ടുണ്ടെന്നും അദ്ദേഹം സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു. ഇന്ത്യ പോസ്റ്റ് പേയ്മെൻ്റ് ബാങ്കിൻ്റെ ഏഴാം സ്ഥാപക ദിനമാണ് ഇന്ന്.

**&&&&&&&&&&&&&&&**

## HEADLINE 4

## CM KOCHI

കൊച്ചി വിമാനത്താവളത്തിൽ 550 കോടി രൂപ ചെലവിൽ നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിൽ വിമാനത്താവള സ്വകാര്യവൽക്കരണത്തിലൂടെ കൂടുതൽ ഭാരം അടിച്ചേൽപ്പിക്കുമ്പോൾ, കൊച്ചി വിമാനത്താവളത്തിൽ സാധാരണ യാത്രക്കാർക്ക് അതുണ്ടാവുന്നില്ലെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. അന്താരാഷ്ട്ര നിലവാരത്തിലുള്ള രാജ്യത്തെ ഏറ്റവും വലിയ വിമാനത്താവള ലോഞ്ച് ആയ 0484 എയറോ ലോഞ്ച് കൊച്ചി വിമാനത്താവളത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഒരു വർഷം ഒരു കോടിയിലധികം യാത്രക്കാരാണ് സിയാലിലൂടെ യാത്ര ചെയ്യുന്നത്. ഇത് അടുത്ത മൂന്നു വർഷത്തിനുള്ളിൽ ഒന്നേകാൽ കോടിയായി വർദ്ധിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

&&&&&&&&&&&&&&&

## HEADLINE 5

## KERALA LEAGUE

കേരളാ ക്രിക്കറ്റ് അസോസിയേഷൻറെ പ്രഥമ കേരള ക്രിക്കറ്റ് ലീഗിന് നാളെ തിരുവനന്തപുരത്ത് തുടക്കമാകും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ .T20 മത്സരങ്ങളാണ് ലീഗിൽ ഉള്ളത്. 6 ടീമുകളാണ് മത്സരിക്കുന്നത്. നാളെ ഉച്ചക്ക് 2.30 ന് തൃശൂർ ടൈറ്റൻസും ആലപ്പി റൈഫിൾസും തമ്മിലാണ് ഉദ്ഘാടന മത്സരം. ട്രിവാൻഡ്രം റോയൽസ്, ഏരീസ് കൊല്ലം,കൊച്ചി ബ്ലൂ ടൈഗേഴ്സ്, കാലിക്കറ്റ്

ഗ്ലോബ് സ്റ്റാർസ് എന്നിവയാണ് മറ്റ് ടീമുകൾ. പ്രവേശനം സൗജന്യമാണ്.

**&&&&&&&&&&&&&&&**

## IND AUS U19 CRICKET

ഇന്ത്യ- ഓസ്ട്രേലിയ അണ്ടർ-19 ക്രിക്കറ്റ് പരമ്പരകൾക്കുള്ള സമയക്രമം ബി സി സി ഐ പുറത്തിറക്കി. 3 ഏകദിന മത്സരങ്ങൾ, 2 ചതുർദിന ടെസ്റ്റ് മത്സരങ്ങൾ എന്നിവക്കുള്ള തീയതികളാണ് പ്രഖ്യാപിച്ചത്. ഏകദിന പരമ്പര ഈ മാസം 21 ന് പുതുച്ചേരിയിലും, ടെസ്റ്റ് പരമ്പര 30 ന് ചെന്നൈയിലും ആരംഭിക്കും. മത്സരങ്ങൾക്കുള്ള ടീമിനെയും ബി സി സി ഐ പ്രഖ്യാപിച്ചു.

**&&&&&&&&&&&&&&&**

## US OPEN

യുഎസ് ഓപ്പൺ ടെന്നീസ് മിക്സ്ഡ് ഡബിൾസിൽ ഇന്ത്യൻ താരം രോഹൻ ബൊപ്പണ്ണ - ഇന്തോനേഷ്യൻ താരം അൽദില സുത്ജിയാദി സഖ്യം ക്വാർട്ടർ ഫൈനലിൽ കടന്നു. പ്രീക്വാർട്ടറിൽ ജോൺ പേസ്-കത്രീന സേവ സഖ്യത്തെയാണ് അവർ പരാജയപ്പെടുത്തിയത്. ക്വാർട്ടർ ഫൈനലിൽ മാത്യു എബ്ഡൻ- ബാർബറ ക്രെയ്ഗ് സഖ്യത്തെ നേരിടും. രോഹൻ ബൊപ്പണ്ണ, മാത്യു എബ്ഡനൊപ്പം പുരുഷ ഡബിൾസിൻ്റെ മൂന്നാം റൗണ്ടിലും പ്രവേശിച്ചു.

**&&&&&&&&&&&&&&&**

## MINISTERIAL CENTRAL TEAM

ഗുജറാത്തിൽ മഴയും വെള്ളപ്പൊക്കവും സൃഷ്ടിച്ച നാശനഷ്ടങ്ങൾ വിലയിരുത്താൻ ആഭ്യന്തര മന്ത്രാലയം പ്രത്യേക കേന്ദ്ര

സംഘത്തെ നിയോഗിച്ചു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻ്റ് എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച സംഘം സംസ്ഥാനത്തെ പ്രളയബാധിത ജില്ലകളിൽ ഉടൻ സന്ദർശനം നടത്തും. കഴിഞ്ഞമാസം 25 മുതൽ 30 വരെ, രാജസ്ഥാനിലും ഗുജറാത്തിലും അതിശക്തമായ മഴ കനത്ത നാശനഷ്ടമാണുണ്ടാക്കിയത്. ഈ വർഷം, പ്രളയവും ഉരുൾപൊട്ടലും ബാധിച്ച അസം, കേരളം, മിസോറാം, ത്രിപുര എന്നീ സംസ്ഥാനങ്ങളിൽ നാശനഷ്ടങ്ങളുടെ തത്സമയ വിലയിരുത്തലിനായി ആഭ്യന്തര മന്ത്രാലയം പ്രത്യേക സംഘത്തെ നിയോഗിച്ചിരുന്നു.

&&&&&&&&&&&&&&&

## ANDHRAPRADESH FLOOD

ആന്ധ്രാപ്രദേശിലെ വിവിധ ജില്ലകളിൽ കനത്ത മഴയെ തുടർന്നുണ്ടായ സാഹചര്യം വിലയിരുത്താൻ മുഖ്യമന്ത്രി എൻ.ചന്ദ്രബാബു നായിഡുവിന്റെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു . മന്ത്രിമാർ, ചീഫ് സെക്രട്ടറി, ഡിജിപി, ജില്ലാ കളക്ടർമാർ, എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഓരോ ജില്ലയും അതാത് വകുപ്പുകളും സ്വീകരിക്കുന്ന നടപടികളും മുഖ്യമന്ത്രി വിലയിരുത്തി. വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ള സാമൂഹ്യ മാധ്യമങ്ങളിലൂടെ ലഭിക്കുന്ന അഭ്യർത്ഥനകളോട് ഉടനടി പ്രതികരിക്കാൻ ഉദ്യോഗസ്ഥർക്ക് അദ്ദേഹം നിർദ്ദേശം നൽകി.

&&&&&&&&&&&&&&&

## KERALA RAIN

സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, തൃശൂർ, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. കേരള - ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും, കർണാടക തീരത്ത് മറ്റന്നാൾ വരെയും മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പ്. വടക്ക് - കിഴക്കൻ അറബിക്കടലിന് മുകളിൽ സ്ഥിതി ചെയ്യുന്ന അസ്ന ചുഴലിക്കാറ്റ് വൈകുന്നേരത്തോടെ അതിതീവ്ര ന്യൂനമർദ്ദമായും നാളെ രാവിലെയോടെ തീവ്ര ന്യൂനമർദ്ദമായും ശക്തികുറയാൻ സാധ്യതയെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## WAYANAD

വയനാട്ടിൽ ഉരുൾപൊട്ടൽ മേഖലയിലെ സ്കൂളുകളിൽ പുന:പ്രവേശനോത്സവം നാളെ നടത്തും. മന്ത്രി വി.ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്യും. വെള്ളാർമല ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മേപ്പാടി ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലും, മുണ്ടക്കൈ G.L.P.S, മേപ്പാടി കമ്മ്യൂണിറ്റി ഹാളിലുമാണ് പ്രവർത്തിക്കുക. ഉരുൾപൊട്ടലിൽ SSLC സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെട്ടവർക്ക് അതിന്റെ പകർപ്പ് ചടങ്ങിൽ വിതരണം ചെയ്യും.

&&&&&&&&&&&&&&&&

## FPI

തുടർച്ചയായ മൂന്നാം മാസവും ഇന്ത്യൻ മൂലധന വിപണിയിലേക്ക് 25,000 കോടിയിലധികം രൂപയുടെ വിദേശ നിക്ഷേപം ലഭിച്ചതായി കണക്കുകൾ . ഓഹരി വിപണിയിലെ വിദേശ പോർട്ട്ഫോളിയോ നിക്ഷേപകരുടെ 7,320

കോടി രൂപ ഉൾപ്പെടെ ഓഗസ്റ്റ് മാസത്തെ മൊത്തം നിക്ഷേപം 25,280 കോടി രൂപയായി. ഈ വർഷം ഇതുവരെ ആകെ ഒന്നര ലക്ഷം കോടി രൂപയുടെ വിദേശ നിക്ഷേപംമാണ് ഉണ്ടായിട്ടുള്ളത്.

**&&&&&&&&&&&&&&&**
**&&&&&&&&&&&**
**&&&&&**